നം. 53577/എഫ്എം3/2011/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (എഫ്എം) വകുപ്പ്,
തിരുവനന്തപുരം, തീയതിഃ 13.04.2012.

# സർക്കുലർ

വിഷയംഃ- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി പിരിവിന്റെ കാര്യക്ഷമത - അധിക വികസന ഫണ്ട് വിഹിതം അനുവദിക്കൽ - സംബന്ധിച്ച്.

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും മുൻ വർഷത്തെ അപേക്ഷിച്ച് തനത് വരുമാനം പത്ത് ശതമാനമെങ്കിലും വർധിപ്പിക്കുന്ന സാഹചര്യത്തിൽ മൊത്തം വികസന ഫണ്ടിന്റെ പത്ത് ശതമാനത്തിൽ അധികരിക്കാത്ത തുക അധിക 'ഇൻസെന്റീവായി' നൽകാവുന്നതാണ് എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാലാം ധനകാര്യ കമ്മിഷൻ നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും അവയുടെ തനത് നികുതി വരവ് മുൻവർഷത്തേക്കാൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ വാർഷിക സമയബന്ധിത കാര്യപരിപാടി തയ്യാറാക്കി നടപ്പാക്കേണ്ടതാണ്. ഇത് കമ്മിറ്റി / കൗൺസിൽ / ഗ്രാമസഭ / വാർഡ്സഭ യോഗത്തിലും ചർച്ച ചെയ്ത് തുടർ നടപടി സ്വീകരിച്ച് അധിക ഇൻസെന്റീവ് ലഭിക്കുന്നതിനുള്ള കർമ്മ പരിപാടി നടപ്പാക്കേണ്ടതാണ്.

എല്ലാ വർഷവും നവംബർ 30-ാം തീയതി ആ വർഷം മാർച്ച് 31-ന് അവസാനിക്കുന്ന സാമ്പത്തിക വർഷത്തെ തനത് നികുതി വരവിന്റെ ഡിമാന്റും വരവും സംബന്ധിച്ച കണക്ക്, ഗ്രാമ പഞ്ചായത്തുകൾ പഞ്ചായത്ത് ഡയറക്ടർക്കും നഗരസഭകൾ നഗരസഭാ ഡയറക്ടർക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് / പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ സർട്ടിഫിക്കറ്റോടെ ലഭ്യമാക്കേണ്ടതാണ്.

സംസ്ഥാനതലത്തിൽ ഈ കണക്കുകൾ ക്രോഡീകരിച്ച് പഞ്ചായത്ത് ഡയറക്ടറും, നഗരകാര്യ ഡയറക്ടറും സംസ്ഥാന ധനകാര്യ കമ്മിഷൻ (എസ്.എഫ്.സി) സെല്ലിന് എല്ലാ വർഷവും ഡിസംബർ 31-ന് മുമ്പായി ലഭ്യമാക്കേണ്ടതാണ്.

ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്).
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ നഗരസഭകൾക്കും / കോർപ്പറേഷനുകൾക്കും നൽകേണ്ടതാണ്)
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (എസ്.എഫ്.സി) വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.